

സ്ഫടികം ജോർജ്

# ആ ദർശനപുണ്യത്തിൽ...

ആ ധന്യമായ ദിവസത്തെക്കുറിച്ച് ഇന്നും നല്ല ഓർമയുണ്ട്. 1990ൽ ആണത്. 14 വർഷങ്ങൾക്കുമുമ്പ്. കോട്ടയത്തെ വിമലഗിരി പള്ളിയിൽ ധ്യാനം നടക്കുന്നു. ഞാൻ ഗൾഫിലെ ജോലി മതിയാക്കി തിരിച്ചുവന്ന സമയവുമാണത്.

ഞാൻ ഈശോയെ മനസിൽ ധ്യാനിച്ചു പ്രാർഥിച്ചു. ആ സമയത്താണ് എനിക്കു ദർശനം ലഭിച്ചത്. സർവപ്രഭയോടുംകൂടി കരുണാമയനായ ഈശോ. ഈശോയ്ക്കുചുറ്റും നിരവധി വിശുദ്ധന്മാർ. പക്ഷേ, ഞാൻ തിരിച്ചറിഞ്ഞു. ചാവറയച്ചനെ. ദർശനത്തിൽ ഈശോയ്ക്കടുത്ത് ചാവറയച്ചനുണ്ടായിരുന്നു.



അന്നു മുതലാണ് ഞാൻ ചാവറയച്ചന്റെ കടുത്ത ഭക്തനായി മാറിയത്. എല്ലാ മനുഷ്യരെയുംപോലെ എന്റെ ജീവിതത്തിലും ബുദ്ധിമുട്ടുകളും പ്രതിസന്ധികളും ഉണ്ടാകാറുണ്ട്. ഈ സമയത്തെല്ലാം ആ വിശുദ്ധനെ മനസിൽ ധ്യാനിക്കും. ഉടൻതന്നെ ഫലപ്രാപ്തിയുണ്ടാകും.

1980 കളുടെ തുടക്കത്തിൽ തന്നെ ഞാൻ മാന്നാനത്തു പോയിരുന്നു. എന്നാൽ മാന്നാനം പള്ളിയിലേക്കുള്ള യാത്ര പതിവാക്കിയത് ഗൾഫിൽനിന്നുള്ള മടങ്ങിവരവിനു ശേഷമാണ്. ഈ സമയത്തു ശനിയാഴ്ചകളിലെ പ്രത്യേക നൊവേനകളിൽ പങ്കെടുക്കുമായിരുന്നു.

ചാവറയച്ചനുമായി എന്നെ അടുപ്പിച്ചതിൽ എന്റെ ബന്ധുവിനും പങ്കുണ്ട്. ലണ്ടനിലാണ് ഈ ബന്ധു. പലപ്പോഴും നാട്ടിൽവരുമ്പോൾ ഞങ്ങളൊരുമിച്ചു മാന്നാനം പള്ളിയിൽ പോയിരുന്നു. ആ വിശുദ്ധന്റെ മാധ്യസ്ഥ്യം പ്രാർഥിച്ചിരുന്നു.

പിന്നെ എന്റെ സിനിമാ ജീവിതത്തിനും മാന്നാനം പള്ളിയുമായി ബന്ധമുണ്ട്. 'സ്ഫടികം' എന്ന ചിത്രമാണ് മലയാള സിനിമയിൽ എനിക്കു നിലനിൽപ്പുണ്ടാക്കിയത്. ഈ ചിത്രത്തിന്റെ ആദ്യഷോട്ട് ചിത്രീകരിച്ചത് മാന്നാനം പള്ളിയിൽവച്ചായിരുന്നു. ഇതൊരു ഭാഗ്യമായി കരുതുന്നു. ചാവറയച്ചന്റെ അനുഗ്രഹം കൊണ്ടാണു ചിത്രം വിജയിച്ചതും, എനിക്കു പിടിച്ചുനിൽക്കാൻ കഴിഞ്ഞതും.

ഇപ്പോൾ മിക്കവാറും മാന്നാനം പള്ളിയിൽ പോകാറുണ്ട്. ചാവറയച്ചനെക്കുറിച്ചു കൂടുതൽ പഠിക്കാൻ ഏറെ ആഗ്രഹിക്കുന്നയാളുമാണ് ഞാൻ. അച്ചന്റെ വ്യക്തിജീവിതത്തെക്കുറിച്ച് കൂടുതൽ പഠിച്ചശേഷം ഈ വിശുദ്ധന്റെ ജീവിതത്തെ ആധാരമാക്കി ഒരു ഡോക്യുമെന്ററി നിർമിക്കണമെന്നും ആഗ്രഹമുണ്ട്.

ചാവറയച്ചനിൽ ഞാൻ കാണുന്ന ഏറ്റവും വലിയ പ്രത്യേകത ആ മനുഷ്യന്റെ ലാളിത്യമാണ്. എളിയ ജീവിതമാണ്. ഇതാണ് മറ്റുള്ളവർ പാഠമാക്കേണ്ടത്.

മറ്റൊന്ന് ചാവറയച്ചന്റെ പ്രാർഥനയായിരുന്നു. കരളുരുകിയുള്ള ഈ പ്രാർഥന തന്നെയാണ് അദ്ദേഹത്തെ ഉന്നതപദവിയിലേക്കുയർത്തിയതും.

എവിടെയോ വായിച്ചിട്ടുണ്ട്. മാന്നാനംകാർ ചാവറയച്ചനെ 'ദൈവമനുഷ്യൻ' എന്ന് വിളിച്ചിരുന്നെന്ന്. ചുറ്റുമുള്ള സമൂഹം അംഗീകരിക്കുന്ന വ്യക്തിത്വത്തിനുടമയായിരുന്നു ചാവറയച്ചൻ. ജീവിക്കുന്ന കാലത്തു തന്നെ ദൈവം അദ്ദേഹത്തെ വിശുദ്ധീകരിക്കുകയും ചെയ്തു.

നമ്മുടെ പ്രാർഥന ദൈവസന്നിധിയിൽ എത്തിക്കാൻ വിശുദ്ധൻമാരുടെ പ്രാർഥന അത്യാവശ്യമാണ്. നമ്മുടെ പ്രാർഥനയിലെ തെറ്റുകളും കുറവുകളും കണ്ടറിഞ്ഞ് അവ ദൈവസന്നിധിയിലെത്തിക്കുന്ന ദൂതൻമാരാണവർ. ചാവറയച്ചനും ഈ ഗണത്തിലെ പ്രമുഖനാണ്. വിശുദ്ധന്മാർ ജീവിക്കുന്ന ആത്മാക്കളാണ്. അവരോട് ചേർന്ന് പ്രാർഥിക്കുമ്പോൾ നമ്മുടെ പ്രാർഥനയ്ക്കു ഫലമുണ്ടാകും.

ചാവറയച്ചന്റെ കാര്യത്തിൽ ഇതു നൂറുശതമാനം ശരിയാണെന്ന് എന്റെ അനുഭവങ്ങൾ എന്നെ പഠിപ്പിക്കുന്നു.